

# വേണമെങ്കിൽ കുമ്പളങ്ങ കേബിളിലും!

കെ.എ. സമദ്

ഫോട്ടോ: എ. താജ്ജുദ്ദീൻ



തൃശൂർ പൂങ്കുന്നം ഐലൻഡ് അവന്യൂവിലെ സന്ദർശകർക്കെല്ലാം അത്ഭുതം. ഏഷ്യാനെറ്റ് കേബിളിൽ കായ്ച്ച് കിടക്കുന്ന കുമ്പളങ്ങ! റോഡരികിൽ പൂക്കളും കായ്കളും നിറഞ്ഞ പയർ,...ചേമ്പ്...

രാസവളമിടാത്ത കുമ്പളങ്ങ. മോഡമെങ്കിലും കേടുകൂടാതിരിക്കുമെന്ന് പരമേശ്വരൻ നായർ. പട്ടാളത്തിൽ നിന്നും റിട്ടയർ ചെയ്ത ശേഷം ബാങ്ക് ഓഫീസറായി വീണ്ടും വിരമിച്ച അദ്ദേഹം ഇപ്പോഴും കർത്തവ്യനിരതനാണ്. ഒരിക്കലും വിരമിക്കാത്ത കർഷക മനസ്. വീട്ടുവളപ്പിലെ ഇത്തിരി മാത്രം മണ്ണിലും റോട്ടുവക്കിലും കൊത്തികിളച്ച് വഴുതനയും പയറും നട്ട് പൂ വിരിയുന്നതും കണ്ട് ആഹ്ലാദിക്കുന്നു. ഒരു പിടിയെങ്കിൽ ഒരു പിടി പച്ചപ്പയർ അയൽക്കാരനേകി സൗഹൃദം പ്രഖ്യാപിക്കുന്നു. സൂപ്പർ മാർക്കറ്റിലും വീട്ടിലെ ഫ്രിഡ്ജിലും മാത്രം വെണ്ടയ്ക്കയും കൈപ്പക്കയും കണ്ട് ശീലിച്ച് സ്കൂളിൽ നിന്ന് ടൂഷൻ സെന്ററിലേക്ക് തെളിക്കപ്പെടുന്ന കുട്ടികൾ ഇത്തിരി നേരം പയറിൻ പൂക്കൾ കണ്ട് വിസ്മയിക്കുന്നു. പരമേശ്വരൻ നായർക്ക് ജീവിതം സംഭവ ബഹുലമാണ്.

**വേണമെങ്കിൽ...**

സാധാരണമെങ്കിലും ശ്രദ്ധേയമായ ഇത്തരം വാർത്തകളും വിശേഷങ്ങളും ഫോട്ടോകളോടൊപ്പം അയച്ചുതരിക- പത്രാധിപർ

---

സ്വന്തം പേരായി സ്വീകരിക്കുക വഴി മണ്ണും മനുഷ്യനും സംസ്കാരവും തമ്മിലെ ബന്ധം കൂടി വ്യംഗ്യമായി നമ്മെ ദ്യോതിപ്പിക്കുന്നു.

മഹാരാഷ്ട്രയിലെയും രാജസ്ഥാനിലെയും ഗ്രാമീണജനതക്ക് കുടിവെള്ളം എത്തിക്കാനും കർണാടക അതിർത്തിയിലെ ഗ്രാമീണർ സ്വയം സൃഷ്ടിച്ച കുടിവെള്ള സ്രോതസ്സിന് പ്രചാരം നൽകാനും പഡ്രെ കാട്ടിയ കഠിനാധ്വാനം, സ്വാർഥമയമാകുന്ന ലോകത്ത് ഇരുട്ടിലെ വെള്ളിവെളിച്ചമാകുന്നു. മുഖ്യമന്ത്രി ആന്റണിയെയും കൃഷിമന്ത്രി കണിയാംപറമ്പിലിനെയും നേരിൽ കണ്ട് എൻഡോസൾഫാനെയും ഗ്രാമീണരുടെ ദുരിതത്തെയും ബോധ്യപ്പെടുത്താൻ പഡ്രെ കാണിച്ച താൽപര്യം വരച്ചുകാട്ടുന്നുണ്ട് പുസ്തകത്തിൽ. പുസ്തകം അന്വേഷിച്ച പലരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വിളിക്കാറുണ്ടെന്ന് പറയുന്ന പഡ്രെ നെറ്റിനെ ഫലപ്രദമായി ഇത്തരം പ്രവർത്തനങ്ങളുടെ വിജയത്തിന് എങ്ങനെ ഉപയോഗിക്കാമെന്ന് കൂടി കാട്ടിത്തന്നു. സഹ്യതാഴ്വരയുടെ വരദാനമായ ചക്ക നാം വെറുതെ നശിപ്പിക്കുമ്പോൾ വിയറ്റ്നാമിൽ സംസ്കരിച്ച് മാസങ്ങളോളം ഉപയോഗിക്കുന്നത് പഡ്രെ ചൂണ്ടിക്കാട്ടുന്നു. നാടിന്റെ നൊമ്പരമാണ് ആ വാക്കുകളിൽ തെളിയുന്നത്.

പരിസ്ഥിതിപ്രവർത്തകനായി വിശേഷിപ്പിക്കപ്പെടുമ്പോൾ മനസ്സിലേക്കോടിയെത്തുന്നത് ജീവച്ഛവങ്ങളായ കാസർകോട്ടെ ഇരകളാണെന്ന് ഈ സുമനസ്കൻ വെളിപ്പെടുത്തുന്നു. ജൈവമനുഷ്യൻ എന്ന പേരിൽ പ്രശസ്ത പരിസ്ഥിതിപ്രവർത്തകരെക്കുറിച്ച് ഡിസി ബുക്സ് പ്രസിദ്ധീകരിക്കുന്ന പുസ്തകപരമ്പരയിലെ കണ്ണിയാണിത്. മാധ്യമം ആഴ്ചപ്പതിപ്പിൽ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ച ആത്മകഥയുടെ ഭാഷ ലളിതവും അത്യന്തം വായനാസുഖം നൽകുന്നതുമാണ്. വിഷയതൽപരർക്ക് ഒറ്റയടിക്ക് വായിച്ചു തീർക്കാവുന്ന ഗ്രന്ഥം. കാസർകോട് ഹോസ്ദുർഗ് സ്വദേശി വേണു കള്ളാറാണ് പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. വില 80 രൂപ. ഡിസി ബുക്സ്, കോട്ടയം.